13 (1817) പരീക്ഷാഫീസ് ഇളവ് അനുവദിക്കാൻ നടപടി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടൂ അദ്ധ്യാപക നിയമനത്തിന് പുതുതായി നടത്താൻ തീരുമാനിച്ചിട്ടുള്ള യോഗ്യതാനിർണ്ണയ പരീക്ഷയ്ക്കുള്ള ഫീസിന്റെ കാര്യത്തിൽ എസ്.സി/എസ്.ടി വിഭാഗത്തിന് പ്രത്യേക ഇളവ് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 16/12/'99-ലെ ജി.ഒ (എം.എസ്) 310/99/പൊവിവ ഉത്തരവ് പ്രകാരം എസ്.സി/എസ്.ടി വിഭാഗത്തിനുള്ള പരീക്ഷാഫീസ് 125 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഇത് യഥാർത്ഥ ഫീസിന്റെ 50% ആണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

14 (1818) പ്രീ-മെട്രിക് വാർഡൻമാരുടെ പ്രശ്നങ്ങൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലെ പ്രീ-മെട്രിക് ഹോസ്റ്റലിലെ വാർഡർമാരുടെ സ്പെഷ്യൽ റൂൾസ് എന്നാണ് നിലവിൽ വന്നത്;

(ബി) ഇവരുടെ ജോലിസമയം സംബന്ധിച്ച് എന്തെങ്കിലും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്രസമയം ഇവർ ജോലിചെയ്യണം എന്നാണ് നിഷ്ക്കർഷിച്ചിരിക്കുന്നത്;

(ഡി) തുടർച്ചയായി 10 മണിക്കൂറും രാത്രി മുഴുവനും ഇവർ ജോലി ചെയ്യേണ്ട സാഹചര്യം ഉണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിനായി ഒരു ഹോസ്റ്റലിൽ രണ്ട് വാർഡൻമാരുടെ സേവനം ലഭ്യമാക്കി ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത ഹോസ്റ്റലുകളിൽ കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിലാണോ കുക്കുകളുടെ തസ്തിക അനുവദിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) എല്ലാ ഹോസ്റ്റലുകളിലും രണ്ട് കുക്കുകളുടെ തസ്തിക അനുവദിച്ച് ഈ ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 15.5.1993-ൽ

(ബി) ഉണ്ട്.

(സി)&(ഡി) ഹോസ്റ്റലിൽ ഇവർ രാവിലെ 6 മണിമുതൽ 11 മണി വരെയും, വൈകുന്നേരം 4 മണിമുതൽ രാത്രി 9 മണിവരെയും ആണ് ജോലി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ട സമയം. തുടർച്ചയായി 10 മണിക്കൂർ ജോലി ചെയ്യാൻ നിഷ്ക്കർഷിച്ചിട്ടില്ല.

(ഇ) മുമ്പ് ഹരിജനക്ഷേമ വകുപ്പിലുണ്ടായിരുന്ന ജി.ആർ.ബി.സ്കൂളുകളിൽ ഒരു കുക്കിന്റെ തസ്തികയും, ട്രൈബൽ ഹോസ്റ്റലുകളിൽ രണ്ടു കുക്കിന്റെ തസ്തികകളും നിലവിലുണ്ടായിരുന്നു. ഇവ പ്രീ-മെട്രിക് ഹോസ്റ്റലുകളായി മാറ്റിയെങ്കിലും കുക്കിന്റെ തസ്തികകൾ മേൽപറഞ്ഞ പ്രകാരം തന്നെ തുടർന്നുവരുന്നു.

(എഫ്) പരിശോധിക്കുന്നതാണ്.

15 (1819) തിക്കോടി പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന്റെ പണി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി താലൂക്കിലെ തിക്കോടി പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന്റെ പണി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

ഇല്ല.

16 (1820) വരുമാനപരിധി

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മായിൻകുട്ടി : 16 17
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുമാരപിള്ള കമ്മിഷൻ റിപ്പോർട്ട് പ്രകാരം പിന്നോക്ക സമുദായങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള നിലവിലുള്ള വരുമാന പരിധി എത്രയാണ്?

ഉത്തരം

പിന്നോക്ക സമുദായങ്ങളെ രണ്ടു ഗ്രൂപ്പുകളാക്കി അതായത് ഫീസ് കൺസഷൻ, സ്റ്റൈപ്പെന്റ്, ലംപ്സം ഗ്രാന്റ് എന്നിവ ലഭിക്കേണ്ടവർക്ക് വരുമാന പരിധി 36,000 രൂപയായും ഫീസ് കൺസഷൻ, ലംപ്സം ഗ്രാന്റ് എന്നിവ മാത്രം ലഭിക്കുന്നവർക്ക് വരുമാനപരിധി 42,000 രൂപയുമായാണ് നിലവിലുള്ളത്.

17 (1822) പി.എ.പി. മുല്ലപ്പെരിയാർ കരാറുകളെ സംബന്ധിച്ച നടപടി

ശ്രീ. ടി.എം. ജേക്കബ്:

LIBRARY ARCHIVES Kerala Legislative Assembly